**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാട്ടുപന്നിശല്യം മൂലം പൊറുതിമുട്ടിയ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | എ) കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിയ്ക്കും നാശനഷ്ടം ഉണ്ടാക്കുന്ന കാട്ട് പന്നികളിൽ നിന്നും, വന്യജിവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.- 1 . വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൌരോർജ്ജ വേലികൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുക; 2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ സജ്ജമാക്കുക; 3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് നവാസക്രകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റി-ലൊക്കേറ്റ് ചെയ്യൽ; 4 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ. സ്വീകരിക്കൽ; 5. വന്യജീവി ശല്യം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ; 6 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസസംഭരണികളും ചെക്കുഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കൽ; 7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ |

| | | | |
|---|---|---|---|
| | | | രൂപികരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ. കൂടാതെ, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജിവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന എല്ലാ കാട്ടുപന്നികളെയും നശിപ്പിക്കാൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചും 11.01.2021-ൽ സ.ഉ. (സാധാ) 05/2021/വനം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കാട്ടുപന്നിയെ വെർമിൻ മൃഗമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാട്ടുപന്നികളെ ശല്യ വനജിവിയായി പ്രഖ്യാപിക്കുന്നതിലേയ്ക്ക് ഒരു പ്രപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ, 1972-ലെ വന്യജിവി (സംരക്ഷണ) നിയമത്തിലെ 11(1) (b) വകുപ്പ് പ്രകാരം ഇക്കാര്യത്തിൽ നടപടി എടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രസർക്കാർ മടക്കുകയുണ്ടായി. എന്നാൽ 21.12.2020-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ടി തീരുമാനം പുന:പരിശോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന് വീണ്ടും കത്തയച്ചിട്ടുണ്ട്. |
| (സി) | ആയതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ